പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3572 — 12.05.2017 ന് മറുപടിയ്ക്ക്.

# നൈപുണ്യ വികസനത്തിന് ചെയ്യുന്ന കാര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിലാളികളുടെ നൈപുണ്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) തൊഴിൽ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിച്ച മത്സരാടിസ്ഥാനത്തിൽ മികവ് പുലർത്തുന്ന യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് പരിശീലന പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നത്. നിലവിൽ തൊഴിലാളികൾക്കായി പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിലും തൊഴിലാളികളുടെ മക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിനായി വിവിധ ക്ഷേമനിധി ബോർഡുകളുമായി ചർച്ച ചെയ്തു വരുന്നു. |
| (ബി) സ്കൂളുകളിൽ എട്ടാം ക്ലാസ് മുതൽ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കണമെന്ന കേന്ദ്ര സർക്കാർ നയം സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) നിലവിൽ 11-ാം ക്ലാസ്സിലേയും 12-ാം ക്ലാസ്സിലേയും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)-ലൂടെ നൽകുന്നുണ്ട്. ഹൈസ്കൂൾ ക്ലാസ്സുകളിൽ നൈപുണ്യ പരിശീലനം നൽകുന്നതിനെക്കുറിച്ച് പഠിക്കാനായി പ്രൊഫ.ആർ.വി.ജി.മേനോൻ അധ്യക്ഷനായ ഒരു കമ്മിറ്റിയെ വിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കി |

ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുന്നതിനായി KASE -ന്റെ കീഴിൽ കൗശൽ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) വിവിധ മേഖലകളിലെ നൈപുണ്യ മില്ലാത്ത തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചു വരുന്നതെന്നും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്ത മാക്കാമോ?

(സി) വിവിധ മേഖലകളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്കാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന പരിശീലന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളുമായി കൂടിയാലോചിച്ചു അവർ ആവശ്യപ്പെടുന്ന മേഖലകളിലും പരിശീലന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

Bindu

സെക്ഷൻ ഓഫീസർ